റൂറൽ ജില്ലാ എസ്.പി.സി യുടെ വിദ്യാഭ്യാസ അവാർഡുകൾ ജില്ലാ പോലീസ് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ജില്ലാ പോലീസ് മേധാവി വിവേക് കുമാർ വിതരണം ചെയ്തു. ഡി.വൈ.എസ്.പി പി.പി.ഷംസ് അധ്യക്ഷത വഹിച്ചു. അഡീഷണൽ എസ്.പി ടി.ബിജി ജോർജ്ജ്, എ.ഡി.എൻ.ഒ പി.എസ്.ഷാബു, മൂവാറ്റുപുഴ എസ്.എൻ.ഡി.പി എച്ച്.എസ്. എസിലെ സി.പി.ഒ കബീർ തുടങ്ങിയവർ പ്രസംഗിച്ചു. എസ്.ആർ.ജി ട്രയ്നീസ് അധ്യാപകരായ സിജു ജേക്കബ്ബ്, ജോബി ജേക്കബ്ബ്, ബാബു കോട്ടംവേലിൽ ഡി സെയ്ഫ് ട്രയ്നേഴ്സ് ആയ അനൂപ് ജോൺ. പി.ജെ സൈജു, ബിജി ജോസഫ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. 192 പേർക്കാണ് അവാർഡുകൾ വിതരണം ചെയ്തത്.